62 nd Kerala School Kalolsavam, January 4 to 8, 2024, Kollam

Item Code: 956 Participant Code: 129

# "ഏകാന്തതയിൽ തേടിയ വെളിച്ചം"

ഇരുൾ നിറഞ്ഞ ഇടവഴിയിലെങ്ങോ,
ഇത്തിരി വെളിച്ചം തിരഞ്ഞവൾ
ഇമ വെട്ടാതെ കാത്തിരുന്നു-

അപ്പോഴും പുറത്തെ ഇരുട്ടിൽ
ചിലന്തി, വലകൾ നെയ്തുകൊണ്ടിരുന്നു.

നിനച്ചിരിക്കാതെ തുടങ്ങിയ യാത്രതൻ അന്ത്യം
ശരണാലയത്തിൻ മുന്നിലന്നവൾ, തൻ-
സ്മൃതിപഥത്തിൽ തെളിഞ്ഞതില്ല.

താൻ കൈപിടിച്ചൊപ്പം നടത്തിയവനിന്നാ
തായ തൻ കൈപിടിച്ചു നേരം, ഉള്ളിൽ
താരങ്ങൾ തൻ വർണ്ണമാരി
തായതൻ മാറിടം വാത്സല്യത്താൽ-
പാൽ ചുരന്നു.

ഉദരത്തിൽ ചുമന്ന കുരുന്നു ജീവനെ,
ഉദരത്തിൽ നൃത്തം ചവിട്ടിത്തിമിർത്ത കാലുകളെ,
അന്നാദ്യമായി കണ്ട നാളു, മവന്റെ കണ്ണിൽ
ഒളി മങ്ങാ ചിത്രമായി തെളിഞ്ഞു നിന്നു..

മടിയിൽ കിടന്നും, കൈകളിൽ തൂങ്ങിയും
മാറിൽ ചവിട്ടിയും, ദുഗ്ദ്ധം നുകർന്നും
മുത്തം പകർന്നും വളർന്ന അമ്മതൻ-
പൊന്മകനിന്ന്
മാതാവ് സംസ്കാരശൂന്യമായി.

ഇടവഴികളിലും പടികളിലും ഇടറാതെ
കൈ ചേർത്തുപിടിച്ച അമ്മതൻ കൈകളെ
തട്ടിമാറ്റി,
മറ്റു കരങ്ങൾ കോർക്കാൻ വെമ്പൽകൊണ്ടവൻ
സമയ ചക്രം ചവുട്ടിത്തിരിച്ചു കുതിച്ചോടി.

അമ്മതൻ പഴങ്കഥകൾ കേട്ടു കണ്ണുചിമ്മിയവൻ,
അമ്മതൻ താരാട്ടിനീണം കേട്ടു മയങ്ങിയവൻ,

അമ്മതൻ സ്വരമിന്ന് അരോചകമായി മാറി,..
അമ്മയോ അന്യയായി!

ജീവിത സഖിയായി ചേർത്തുവെച്ചവൾ
ജീവന്റെ പാതിയായി മാറിയനാൾ,
ഹൃദയത്തിൻ കോണിലെ ചവറ്റുകൂമ്പാരത്തിൽ
ഹൃദയം ചകർന്നവൾ ബാക്കിയായി.

ജീവന്റെ പാതി അമ്മതൻ നെഞ്ചിൽ ചവിട്ടിയന്ന്
ജീവന്റെ മറുപാതി നാവിനു ചങ്ങല ചാർത്തിട്ടു!
അമ്മയുടെ സംസ്കാരശൂന്യത ശുണ്ഠി പിടിപ്പിച്ച
പ്രേയസിക്കായി മാത്രമവൻ ചങ്ങല ചാർത്തുന്നു.

മകനെ താലോലിച്ച മാറിൽ,
അവനായി പാലുചുരന്ന മാറിൽ,
അന്നാദ്യമായി അമ്മതൻ നെഞ്ചിലെ-
തിരുരക്തം വാർന്നൊഴുകി.

അച്ഛന്റെ മുന്നിലവന്റെ സ്വരമായി മാറിയ
അമ്മയ്ക്കുനേരെ കുരച്ചുചാടാനവൻ തെല്ലും
അറച്ചതില്ല,
അമ്മയെ തല്ലിച്ചതച്ച ഭാര്യക്കുമുന്നിലവൻ
എതിർപ്പിൻ സ്വരം തെല്ലുയർത്തിയില്ല.

അമ്മയെ വലിച്ചിഴച്ച് നടുത്തെരുവിൽ
തള്ളിച്ചനേരം,
അരുതെന്ന് ചൊല്ലാനവൻ നാവിനായതില്ല.
അരുമയായ ഭാര്യതൻ അടിമയാണ് താനെന്ന
അടിമത്വ ബോധത്തിൻ ആത്മ സമർപ്പണം!

ഒടുവിൽ പ്രണയിനിതൻ പ്രിയത്തിനായവൻ
ഈശ്വരൻ കണ്ണടച്ച നാൾ ചെകുത്താനായി മാറി.

അമ്മതൻ വയറിലേക്കാഞ്ഞു ചവിട്ടി
അവൻ കാൽമുദ്ര പതിപ്പിച്ചു.

അമ്മയെ ഏറെ വേദനപ്പെടുത്തിയ ആ

മുദ്രയ്ക്ക് കീഴെ ,
അവളിലെ സ്ത്രീയെ അമ്മയാക്കി മാറ്റിയ ധന്യമാം
മുദ്രയിൽ കൈചേർത്തുവെച്ചു,
ഉള്ളിൽ വിങ്ങിയ കണ്ണുനീർ സ്ഫടികത്തുണ്ടുകൾ-
കൊണ്ട് ചിന്നിച്ചിതറിയ
നെഞ്ചിലെ തിരുശോണിതത്തിലവൾ മാറു കഴുകി:

യാത്രകൊണ്ടുപോകാൻ മകൻ നീട്ടിയ കൈയിൽ
പിടിച്ചനേരം
യാത്രകളിൽ മകനെന്ന വൈരത്തെ നഷ്ടമാകാതിരി-
ക്കാൻ ചണ്ടു ചേർത്തുപിടിച്ചത്, മമതൻ
സ്മൃതിയിൽ തെളിഞ്ഞുവന്നു.

ഓർമകൾക്ക് അധികം ചഴുതു നൽകാതെ
ഓടിയണഞ്ഞു വാഹനം ശരണാലയത്തിൻ മുന്നിൽ.

ഓർമകൾ അമ്മയെ കാർന്നുതിന്നും മുൻപെ
കണ്ടു ഇരുൾ മൂടിയ വഴിത്താരയിലൊരു-
ചെറുവെളിച്ചം.

ആ വെളിച്ചം അമ്മയിലേക്കടുത്തു കൊണ്ടിരുന്നു...
ഒടുവിൽ വെളിച്ചം അമ്മതൻ മുന്നിൽ നിശ്ചലമായി.

നാളുകൾക്ക് മുൻപ് അച്ഛനു മുന്നിലണഞ്ഞ-
വെളിച്ചം ഇന്നമ്മയ്ക്കു മുന്നിലെത്തി.
അമ്മയുടെ കാൽപാദത്തിൽ തൊട്ട് ശിരസ്സുകുനിച്ച്
വെളിച്ചം അമ്മയെക്കൊണ്ട് യാത്രയായി...

ഏകാന്തത പകർന്ന ഓർമകൾക്കൊടുവിൽ
അമ്മ, ഞാൻ തേടിയ വെളിച്ചത്തിൽ-
ലയിച്ചു ചേർന്നു.
അപ്പോഴും അമ്മയുടെ കൈകൾ വയറിലെ
മുദ്രയെ തഴുകിത്തലോടിയിരുന്നു.